**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4220** **28-10-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യമേഖലയിൽ ആരംഭിച്ച വൻകിട വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി സ്വകാര്യമേഖലയിൽ ആരംഭിച്ച വൻ വ്യവസായ സംരംഭങ്ങൾ ഏതൊക്കെയാണ്; ഓരോന്നും എത്ര തുകയുടെ നിക്ഷേപം സംസ്ഥാനത്ത് ഉറപ്പ വരുത്തിയിട്ടുണ്ടെന്നും എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി കെ.എസ്.ഐ.ഡി.സി. യുടെ ധനസഹായത്തോടെ സ്വകാര്യ മേഖലയിൽ ആരംഭിച്ച വൻ വ്യവസായ സംരംഭങ്ങളും അവയിൽ നിന്ന് സംസ്ഥാനത്തുണ്ടായ നിക്ഷേപവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. കൂടാതെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിൻഫ്ര കൊച്ചി അമ്പലമുകൾ പെട്രോകെമിക്കൽ പാർക്കിൽ ബി.പി.സി.എൽ. -ന്റെ വികസന പദ്ധതികൾക്കായി 170 ഏക്കർ ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഈ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ 10,000 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് ഒരു IT/IT അധിഷ്ഠിത പദ്ധതിക്കായി ഒരു ഇന്നോവേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായി ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് എന്ന സ്ഥാപനത്തിന് കൊച്ചിയിലെ കാക്കനാടുള്ള ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്ററിൽ 36 ഏക്കർ സ്ഥലം അലോട്ട് ചെയ്തിട്ടുണ്ട്. ഈ പദ്ധതി പൂർണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ 600 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | വിദേശ നിക്ഷേപകർ ഈ കാലയളവിൽ ആരംഭിച്ചിട്ടുള്ള വൻ സംരംഭങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കെ.എസ്.ഐ.ഡി.സി യുടെ ധനസഹായത്തോടെ ചെങ്ങന്നൂരിൽ സ്ഥാപിതമായ Dr.K.M.Cherian Institute of Medical Sciences Pvt Limited എന്ന കമ്പനിയിൽ NRI നിക്ഷേപം ഉണ്ടായിട്ടുണ്ട്. |
| (സി) | വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന്റെ പിന്നോക്കാവസ്ഥ നിക്ഷേപകരെ പിന്തിരിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | കേരളത്തിലെ നിലവിലെ സാഹചര്യം സംരംഭകർക്ക് അനുകൂലമാണ്. സംരംഭകരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ആവശ്യമായ ഘട്ടങ്ങളിൽ നിയമനിർമ്മാണം അടക്കമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വ്യവസായ സംരംഭകത്വവും നിക്ഷേപവും വർദ്ധിപ്പിക്കുന്നതിനായി സർക്കാർ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു വരുന്ന നൂതനമായ പരിഷ്കരണ നടപടികളിന്മേൽ വ്യവസായ സംഘടനകൾ മതിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. നീതി ആയോഗിന്റെ സുസ്ഥിര വികസന ലക്ഷ്യ സൂചിക പ്രകാരം, കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ (2018-20) കേരളം ഒന്നാം സ്ഥാനത്താണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | സ്ഥാപനം | നിക്ഷേപം (തുക ലക്ഷം രൂപയിൽ) |
|---|---|---|
| 1 | Veekesy Elastomers Pvt. Ltd | 1300.00 |
| 2 | Saffe Panel Industry | 1570.00 |
| 3 | Trutuff Safety Glass Pvt. Ltd. | 1270.00 |
| 4 | Veekesy Polymers (P) Ltd. | 1960.00 |
| 5 | Hillvalley Rubbers Pvt. Ltd. | 2484.63 |
| 6 | Parisons Roller Flour Mills Pvt. Ltd. | 1500.00 |
| 7 | Alucraft Manufacturing & Marketing LLP | 1420.00 |
| 8 | Aurevoir Resort | 1150.00 |
| 9 | Accel Limited | 3600.00 |
| 10 | Parisons Agrotech Pvt. Ltd. | 1725.00 |
| 11 | Chendayad Granites Pvt. Ltd. | 2950.00 |
| 12 | Protech Organo Foods Pvt. Ltd. | 7200.00 |
| 13 | Silverstorm Amusement Parks Private Limited | 4800.00 |
| 14 | M/s Steadgeo Engineering & Projects Pvt. Ltd. | 1145.00 |
| 15 | Life Infusion Pharmaceuticals Pvt. Ltd. | 5320.00 |
| 16 | Ocean Gems Exports Pvt. Ltd. | 1730.00 |
| 17 | Malabar Ispat Ltd. Kasargode | 3425.00 |
| 18 | Sunpower Cement Company Pvt Ltd (expansion), Palakkad | 2468.00 |
| 19 | Dr.K.M.Cherian Institute of Medical Sciences, Chengannur | 18500.00 |
| | **IGC Kannur & Kozhikode** | |
| 1 | KCK Agro Products Pvt Ltd | 300 |
| 2 | Max Footwear International Pvt Ltd | 350 |
| 3 | Best Ready Mix Concretes | 735 |
| 4 | Autobahn Trucking Corporation Pvt Ltd | 330 |
| 5 | EKK Infrastructure Ltd | 1367 |

** സ്വകാര്യ മേഖലയിൽ ആരംഭിച്ച വൻ വ്യവസായ സംരംഭങ്ങൾ മൂലം എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന കൃത്യമായ കണക്ക് ലഭ്യമല്ല.

## IGC Cherthala

| Sl. No. | Name of the unit | Investment (In lakhs) | Employment |
|---|---|---|---|
| 1 | Saffe Panel Industry Pvt Ltd | 900 | 134 |
| 2 | S & S Industry | 600 | 85 |
| 3 | Classic Coir factory | 700 | 20 |
| 4 | Perfect Cartons | 639 | 22 |
| 5 | Kerala Engineers Holdings Pvt Ltd | 589 | 10 |

## Mega Food Park Cherthala

| Sl. No. | Name of the unit | Investment (In lakhs) | Employment |
|---|---|---|---|
| 1 | Protech Organo Foods | 5000 | 400 |
| 2 | Sun Aquatic Products Pvt Ltd | 8500 | 500 |
| 3 | Premier Marine | 700 | 30 |
| 4 | Rafa Exports | 700 | 10 |

സെക്ഷൻ ഓഫീസർ